പ്രവൃത്തികൾക്കും 400 ലക്ഷംരൂപയും വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ആണ് നടപ്പിലാക്കിയത്. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ.-ലും പൂർത്തിയാക്കിയിട്ടുണ്ട്. അഞ്ച് യൂണിറ്റുകളും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. 2015-16-ൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നെടുങ്ങോലം, ഹരിപ്പാട് എന്നീ താലൂക്കാശുപത്രികളിൽ 7.10 കോടി രൂപ ചെലവിൽ 10 ബെഡ് വീതമുള്ള രണ്ട് ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 114/2013/നികുതി വകുപ്പ് തീയതി 5/2/2013 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ, ചേർത്തല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ആസ്ഥാന ആശുപത്രി കരുനാഗപ്പള്ളി, കായംകുളം, ചിറ്റൂർ എന്നിവിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

താൽക്കാലിക ജീവനക്കാരുടെ വേതനം

55 (2329) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിൽ ദേശീയ ആരോഗ്യപദ്ധതിയിൽ താത്കാലികമായി ജോലിചെയ്യുവരുന്ന പബ്ലിക് റിലേഷൻസ് ഓഫീസർമാർ അടക്കമുള്ള ജീവനക്കാരുടെ പ്രതിമാസ വേതനം ഉയർത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർവ്വീസിലെ സീനിയോറിട്ടി, തസ്തിക, വിദ്യാഭ്യാസ യോഗ്യത എന്നിവയ്ക്കനുസൃതമായി ശമ്പളം പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ ജോലിസ്ഥിരത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പബ്ലിക് റിലേഷൻസ് ഓഫീസർമാർ ഉൾപ്പെടെയുള്ള എൻ.എച്ച്.എം. ജീവനക്കാർ നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന പ്രതിമാസവേതനം പതിനയ്യായിരം രൂപയ്ക്ക് താഴെയാണെങ്കിൽ പതിനഞ്ച് ശതമാനവും 15001 മുതൽ 25000 വരെ ആണെങ്കിൽ 10 ശതമാനവും 25001-ന് മുകളിലാണെങ്കിൽ 5 ശതമാനവും ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഈ വർഷം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്.

(സി) നാഷണൽ ഹെൽത്ത് മിഷൻ 2017 വരെയുള്ള ഒരു ആരോഗ്യ ദൗത്യമാണ്. ആയതിനാൽ കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. മേൽ സാഹചര്യത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ-പുനരധിവാസ പദ്ധതികൾ

56 (2330) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ കാൻസർ രോഗികൾക്കും മറ്റ് മാരക രോഗങ്ങൾ ബാധിച്ച് കിടപ്പിലായവർക്കും നൽകിവരുന്ന പെൻഷൻ-പുനരധിവാസ നടപടികൾ എന്തെല്ലാം;

(ബി) പുനരധിവാസ നടപടികൾ വ്യാപിപ്പിക്കുന്നതിനും പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർദ്ധനരായ ക്യാൻസർ രോഗികൾക്കും ക്ഷയം, കുഷ്ഠം എന്നിവ ബാധിച്ചവർക്കും പ്രതിമാസം ആയിരം രൂപ വീതം നൽകിവരുന്നു. ഇത് നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്. ചികിത്സ കഴിഞ്ഞവർക്കും ഇപ്പോൾ ചികിത്സയിലിരിക്കുന്നവർക്കും ജില്ലാതലത്തിൽ മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നാണ് ഈ തുക ആറ് മാസം വീതം നൽകിവരുന്നത്. മറ്റ് മാരകരോഗങ്ങൾ ബാധിച്ചവർക്ക് പദ്ധതിപ്രകാരം ആരോഗ്യവകുപ്പിൽനിന്നും ചികിത്സാധനസഹായം നൽകി വരുന്നുണ്ട്.

(ബി) പുനരധിവാസ പദ്ധതികളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly